This question paper consists of 30 questions and 8 printed pages.

**Roll No.** | | | | | | | | | | | | **Code No. 44/S/A/MM**
റോൾ നമ്പർ കോഡ് നമ്പർ

# MALAYALAM
## മലയാളം
## (232)

**Day and Date of Examination**
(പരീക്ഷാ ദിവസവും തീയതിയും) ____________________

**Signature of Invigilators** 1. ____________________
(ഇൻവിജിലേറ്ററിന്റെ ഒപ്പ്)

2. ____________________

---

പൊതുവായ നിർദ്ദേശങ്ങൾ :

**1** പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.

**2** ആദ്യപേജിൽ പ്രിൻറുചെയ്തിരിക്കുന്ന വിവരങ്ങൾക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിൻറുചെയ്തിട്ടുണ്ടോ എന്നും ഉറപ്പുവരുത്തേണ്ടതാണ്.

**3** ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് **(A), (B), (C), (D)** എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് ഉത്തര പുസ്തകത്തിൽ എഴുതേണ്ടതാണ്.

**4** ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടത് ഉൾപ്പെടെ എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.

**5** ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.

**6** ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ **44/S/A/MM** എഴുതേണ്ടതാണ്.

# MALAYALAM

# മലയാളം

# (232)

**സമയം : 3 മണിക്കൂർ** **മാർക്ക് : 100**

**നിർദ്ദേശങ്ങൾ :**

**(i)** എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

**(ii)** ഒന്നു മുതൽ പതിനൊന്നു വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരത്തിന്റെ നമ്പർ രേഖപെടുത്തിയാൽ മതിയാകും.

**1** കേരളത്തിലെ പ്രധാന വാദ്യോപകരണം ഏത് ? **11 × 1=11**

(A) ചെണ്ട (B) മദ്ദളം

(C) ചെങ്ങില (D) തിമില

**2** കനകക്കതിരുകൾ കൊണ്ട് കണിവെച്ചത് ആര് ?

(A) ജലകന്യക (B) നീലാരണ്യം

(C) കാല്യം (D) ഇളംവെയിൽ

**3** രാവണൻ ഓർക്കാതെ പോയതെന്ത് ?

(A) നാരദന്റെ ഏഷണി (B) ബാലിയുടെ മിടുക്ക്

(C) തന്റെ ദൗർബല്യം (D) താൻ രാജാവാണെന്ന കാര്യം

4 ഗ്രാമം എന്ന അർത്ഥം വരുന്ന പദമേത് ?

(A) ഉബുദ്

(B) ബാൻട്ടുയുണ്ട്

(C) ബാഞ്ജാർ

(D) സാംബാൻ

5 ജാനമ്മ സ്തംഭിച്ചു നിന്നുപോയതെപ്പോൾ ?

(A) മാനേജർ മുറിയിൽ വന്നപ്പോൾ

(B) അപകടം ഉണ്ടായപ്പോൾ

(C) കൈത്തണ്ടയിലെ എല്ല്ല് ഒടിഞ്ഞു എന്നറിഞ്ഞപ്പോൾ

(D) ലക്ഷ്മിയുടെ വാക്കുകൾ കേട്ടപ്പോൾ

6 ലോലമോഹനം എന്ന് കവി എന്തിനെയാണ് വിശേഷിപ്പിക്കുന്നത് ?

(A) വലം കാൽ

(B) തങ്കപ്പങ്കജം

(C) തുടക്കാമ്പ്

(D) ഇടത്തെ തുട

7 ലേഖകന്റെ അഭിപ്രായത്തിൽ നാം കുറച്ചധികം വിനയം കാണിക്കേണ്ടതാരോടാണ്ു് ?

(A) വലിയവരോടു്

(B) ഗുരുക്കന്മാരോടു്

(C) താണ സ്ഥിതിയിലുള്ളവരോടു്

(D) മാതാപിതാക്കളോടു്

8 വില്ലു കണ്ടപ്പോൾ ശ്രീരാമചന്ദ്രൻ ചെയ്തതെന്ത് ?

(A) ഓടിച്ചെന്നെടുത്തു (B) വന്ദിച്ചു

(C) ഭയന്നുനിന്നു (D) സ്തംഭിച്ചുനിന്നു

9 ശരിയായ രൂപം എഴുതുക

(A) മജ്ജിമ (B) മഞ്ജൂമ

(C) മഞ്ചിമ (D) മഞ്ജിമ

10 ശ്രീകൃഷ്ണന്റെ ലക്ഷണങ്ങൾ മുഴുവൻ ഗോപികമാർ ആരോടാണ് പറയുന്നത് ?

(A) ഏണങ്ങളോട് (B) കൈതയോട്

(C) കോകങ്ങളോട് (D) കേകിയോട്

11 ചന്തത്തിൻ മുറ്റം ചെത്തിപ്പറിച്ചീല

എന്തെന്റെ മാവേലി ഓണം വന്നു –

ഈ വരികളിൽ പ്രകടമാകുന്നതെന്ത് ?

(A) ദാരിദ്ര്യം (B) സമൃദ്ധി

(C) ഉത്കണ്ഠ (D) സന്തോഷം

12 അർത്ഥമെഴുതി സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.

(i) കേളിരംഗം 2

(ii) മുരടിച്ചു പോവുക 2

13 ഇടിവെട്ടീടും വണ്ണം വിൽമുറിഞ്ഞൊച്ച കേട്ടു 2

നടുങ്ങീ രാജാക്കന്മാരുരഗങ്ങളെപ്പോലെ –

ഇവിടെ അലങ്കാരമെന്ത് ?

14 മജിസ്രേട്ട് പരബ്രഹ്മയ്യരെ കുതിരവട്ടത്തേക്കയയ്ക്കാൻ കാരണമെന്ത് ? 2

15 നിവേദനങ്ങൾ, പരാതികൾ എന്നിവ ഏതു വിഭാഗം കത്തുകളിൽ ഉൾപ്പെടുന്നു ? 2

16 മലയാള കാവ്യസരണിയിൽ കിളിപ്പാട്ടു പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് ആര് ? ഈ പ്രസ്ഥാനത്തിൽപ്പെട്ട രണ്ടു കൃതികളുടെ പേരെഴുതുക. 3

17 മലയാള ഭാഷയ്ക്ക് കവി ഇന്നു കാണുന്ന ദാരിദ്ര്യം എന്ത് ? 3

18 നെഹ്റുവിന്റെ മനസ്സിൽ ഇന്ത്യയെക്കുറിച്ചുള്ള ചിത്രമെന്ത് ? 3

19 സർവമത സമ്മേളനത്തിൽ ഗുരു ഉയർത്തിയ മുദ്രാവാക്യം എന്ത് ? അതിന്റെ പൊരുൾ എന്ത് ? 3

20 കലഹാരി മനുഷ്യരുടെ പ്രത്യേകതകൾ എന്തെല്ലാം ? 3

21 നമ്മൾ നന്നാകുവാൻ നല്ലൊരു ചൂലുകൂടി മനസ്സിൽ കരുതാൻ പറഞ്ഞിരിക്കുന്നതിന്റെ ആശയം വ്യക്തമാക്കുക. 4

22 നെയ്പ്പായസം എന്ന കഥയിലെ നായികയുടെ സ്വഭാവ സവിശേഷതകൾ എന്തെല്ലാം ? 4

23 നാരദൻ രാവണനെ വാലിൽ കുടുക്കിയ രീതി കവി വർണിച്ചിരിക്കുന്നത് സ്വന്തം വാക്യത്തിൽ എഴുതുക. 4

24 ആശയം വികസിപ്പിച്ച് ഒരു ഖണ്ഡിക എഴുതുക. 4

മുല്ലപ്പൂമ്പൊടിയേറ്റുകിടക്കും

കല്ലിന്നുമുണ്ടാമൊരു സൗരഭ്യം

25 ചെറുശ്ശേരിയുടെ കൃഷ്ണഗാഥയിലെ സവിശേഷതകൾ പാഠഭാഗത്തെ അടിസ്ഥാനപ്പെടുത്തി ചുരുക്കി എഴുതുക. 5

26 ഭൂപ്രകൃതി, കാലാവസ്ഥ എന്നിവയിൽ കേരളത്തോടു ബാലിദ്വീപിനുള്ള സാദൃശ്യം വിവരിക്കുക. 5

27 നവോത്ഥാന കവികളിൽ പ്രമുഖനായ കുമാരനാശാന്റെ സാഹിത്യ സംഭാവനകളെ കുറിച്ച് ഒരു ഖണ്ഡിക എഴുതുക. 5

**28** താഴെ കൊടുത്ത പദ്യഭാഗത്തിന്റെ പരാവർത്തനം തയ്യാറാക്കുക : **10**

മണിമരുതു ചന്ദനം വീട്ടിതേക്കും
മഴുവിനിരയായി ഞാൻ മൊടുയായി
വരകളിൽ മുലപ്പാലിനൊത്ത തണ്ണീ-
രരുവിയിൽ നനഞ്ഞ ചപ്പിലയിൽ നിന്നും
ഉയരുമൊരു നീരാവി, പച്ചിലച്ചാർ-
ത്തുപരി പെറുമാവിയിൽ പാവുനെയ്കേ
പുളകമുളപൂണ്ടു നാടുലസിപ്പാൻ
കുളിരലകൾ പെറ്റ തടങ്ങളെങ്ങോ ?
കരിമുകിലുമിങ്ങെത്തി നോക്കിടാതായ്
വറുതിയിൽ വിരുന്നെന്തു ബന്ധുവീട്ടിൽ

**29** താഴെ കൊടുത്ത ഗദ്യഭാഗം വായിച്ച് മൂന്നിലൊന്നായി സംഗ്രഹിക്കുക : **10**

മലവെള്ളപ്പാച്ചിൽ തിരിച്ചുവിടാനായി 1955-ൽ തോട്ടപ്പിള്ളി സ്പിൽവേയും ഓരു കയറ്റം തടയാനായി **1974**-ൽ തണ്ണീർമുക്കം ബണ്ടും നിർമ്മിക്കപ്പെട്ടത്. അതോടെ കായൽ പ്രദേശം കടലുമായുള്ള ജൈവബന്ധം വിച്ഛേദിക്കപ്പെട്ട് ഒറ്റപ്പെട്ടു. ക്രമമായ വേലികയറ്റവും വേലിയിറക്കവും കൊണ്ടു് ശുദ്ധികരിക്കപ്പെട്ടിരുന്ന കുട്ടനാടൻ ജലാശയങ്ങൾ നിശ്ചലങ്ങളായി. ഓരുവെള്ളത്തിന്റെ സ്വാദിൽ വളർന്നു വന്ന ജൈവവ്യൂഹങ്ങൾ തകരാറിലായി. പ്രജനനസ്വഭാവത്തിന്റെ ഭാഗമായി നദീമുഖത്തേക്കും കായൽത്തടത്തിലേക്കും അഴിമുഖത്തേക്കും യഥേഷ്ടം സഞ്ചരിച്ചിരുന്ന പലയിനം മത്സ്യങ്ങളുടെയും വഴിമുട്ടി. വേമ്പനാട്ടു കായലിൽ ഒരു കാലത്തു് സമൃദ്ധമായിരുന്ന ആറ്റുകൊഞ്ച് ഇന്നു് വിശനാശഭീഷണി നേരിടുകയാണ്. കുട്ടനാടൻ പ്രദേശങ്ങൾ ഇന്നു അതിരൂക്ഷമായ ഒരു പാരിസ്ഥിതിക ദുരന്തത്തിന്റെ പ്രതീകമായി മാറിയിരിക്കുന്നു.

**30** ഒരു വിഷയത്തെപ്പറ്റി ഉപന്യസിക്കുക ഃ **12**

**(i)** നഗരവൽകരണം ഉയർത്തുന്ന പ്രശ്നങ്ങൾ

**(ii)** വായനയും വ്യക്തിത്വ വികസനവും

**(iii)** മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെയുള്ള പ്രചാരണത്തിൽ യുവജനങ്ങളുടെ പങ്ക്.

---